# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 942

20/03/2012 ൽ
മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇതിനായി ഏതൊക്കെ ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്; പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) യും (ബി) യും<br><br>വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി 2011 ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ രൂപീകരിച്ച് 30/04/11 ലെ ജി.ഒ (പി) 100/11/പൊ.വി നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം-1) അടുത്ത അദ്ധ്യായന വർഷം മുതൽ വിദ്യാഭ്യാസ നിയമം അനുശാസിക്കും വിധം എല്ലാ സ്കൂളുകളിലും 1-ാം ക്ലാസ് പ്രവേശനത്തിന് 6 വയസ്സ് പൂർത്തിയായിരിക്കണമെന്ന് 09/01/12 ലെ ജി.ഒ (എം.എസ്) 9/12/പൊ.വി. പ്രകാരം നിർദ്ദേശിച്ച് ഉത്തരവായിട്ടുണ്ട് (അനുബന്ധം-2) കൂടാതെ NCTE യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി അദ്ധ്യാപക നിയമനങ്ങൾക്ക് TET യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ മാത്രം പരിഗണിക്കുവാൻ പി.എസ്.സിയോടാവശ്യപ്പെട്ടിട്ടുണ്ട്. TET യോഗ്യത പരീക്ഷ നടത്തിപ്പിനായി SCERT യെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. (അനുബന്ധം-3) കേന്ദ്ര നിയമം അനുശാസിക്കുംവിധം 150 കുട്ടികളുള്ള പ്രൈമറി സ്കൂളുകളിലും 100 കുട്ടികളുള്ള യു.പി സ്കൂളുകളിലും പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കികൊണ്ട് 28/12/11 ലെ ജി.ഒ (പി) നം. 256/11/പൊ.വി പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം-4) |

(സി) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി എന്തൊക്കെ തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) 5-ാം ക്ലാസ് എൽ.പിയുടെയും 8-ാം ക്ലാസ് യു.പിയുടെയും ഭാഗമാക്കിക്കൊണ്ട് 1 മുതൽ 8 വരെ ക്ലാസ്സുകൾ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ഒറ്റയൂണിറ്റാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുട്ടിയുടെ വരുമാന പരിധി നിശ്ചയിക്കുന്നതിനുള്ളനടപടികൾ നടന്നു വരുന്നു. കൂടാതെ അധസ്ഥിത വിഭാഗത്തിൽപ്പെട്ട കുട്ടി '(a child belonging' to disadvantaged group), സ്പെസിഫൈഡ് കാറ്റഗറി സ്കൂളുകൾ എന്നിവ ഏതൊക്കെയാണെന്ന് നിർവചിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. വിദ്യാഭ്യാസ അവകാശ നിയമത്തെ കുറിച്ച് രക്ഷാകതൃ ബോധവത്കരണ പരിപാടി, ജനപ്രതിനിധികൾക്കു വേണ്ടി കമ്മ്യൂണിറ്റി ട്രെയിനിംഗ് പ്രോഗ്രാം എന്നിവ സർവ്വ ശിക്ഷാ അഭിയാൻ മുഖേന നടത്തുകയും, വിദ്യാഭ്യാസം നമ്മുടെ അവകാശം എന്ന ആശയം പ്രചരിപ്പിക്കാനുള്ള പദ്ധതികൾ, എസ്.എസ്.എ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.